# ആശാപൂർണ്ണാദേവി

# സുവർണ്ണലത



T8M3 ASH/S
CASMTKM BK
401

## ആശാപൂർണ്ണാദേവി
## (1909-1995)

ജ്ഞാനപീഠ പുരസ്കാരം നേടിയ മൂന്നാമത്തെ ബംഗാളിയാണ് ശ്രീമതി ആശാ
പൂർണ്ണാദേവി; ഒന്നാമത്തെ വനിതയും.
1909 ജനുവരി 8-ാം തീയതി കൽക്കത്തയിലെ ഒരു യാഥാസ്ഥിതിക കുടും
ബത്തിൽ ജനിച്ചു. ഔപചാരിക വിദ്യാഭ്യാസം നേടാൻ കഴിഞ്ഞില്ല. വീട്ടിലിരുന്ന്
എഴുത്തും വായനയും പഠിച്ചു. പതിമൂന്നാം വയസ്സിൽ സാഹിത്യരചന ആരം
ഭിച്ചു. നൂറ്റിമുപ്പത്തഞ്ചു നോവലുകളും ആയിരത്തിലേറെ ചെറുകഥകളടങ്ങിയ
ഇരുപത്തിനാല് കഥാസമാഹാരങ്ങളും ഇരുപത്തെട്ടു ബാലസാഹിത്യകൃതി
കളും രചിച്ചു. സമുദ്രനീൽ, ആകാശനീൽ, നിർജനപൃഥ്വി, ഏയിതോ സേദിൻ,
ബലേ ഗ്രാസ്, അഗ്നിപരീക്ഷ, ശ്രേഷ്ഠത ഗൽപ, ശശിബാബുർ സൻസാർ, പ്രഥമ
പ്രതിശ്രുതി, സുവർണ്ണലത, ബകുൾകഥ മുതലായവയാണ് മുഖ്യകൃതികൾ. ഭാര
തീയ ജ്ഞാന പീഠ പുരസ്കാരം, രവീന്ദ്ര പുരസ്കാരം, കല്ക്കത്താ സർവകലാ
ശാലാ പുരസ്കാരം, മോത്തിലാൽ പുരസ്കാരം എന്നിവ ലഭിച്ചു. 1976ൽ കേന്ദ്ര
ഗവണ്മെൻറ് 'പത്മശ്രീ' നൽകി ബഹുമാനിച്ചു. ജബൽപൂർ യൂനിവേഴ്സിറ്റി
'ഡി.ലിറ്റ്' ബിരുദം നൽകി ആദരിച്ചു.
1995 ജൂലൈ 13ന് അന്തരിച്ചു.

## പി. മാധവൻപിള്ള

എൻ.എസ്സ്.എസ്സ്. കോളേജുകളിലും ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാ
ശാലയിലും ഹിന്ദി പ്രൊഫസ്സറായി സേവനമനുഷ്ഠിച്ച പ്രമുഖ വിവർത്തകൻ.
വിവിധ ഭാരതീയ ഭാഷകളിൽനിന്ന് മലയാളത്തിലേക്കും മലയാളത്തിൽനിന്ന്
ഹിന്ദിയിലേക്കും വിശിഷ്ടകൃതികൾ വിവർത്തനം ചെയ്തു. യയാതി, മൃത്യു
ഞ്ജയം, പ്രഥമപ്രതിശ്രുതി, സുവർണ്ണലത, ബകുളിൻെറ കഥ, പരാതി, രാജി
ക്കത്ത്, തമസ്സ്, മയ്യാദാസിൻെറ മാളിക, ശിലാപത്മം, ഉത്തരമാർഗ്ഗം, ദ്രൗപദി,
കുരുകുരു സ്വാഹാ, ദക്ഷിണ കാമരൂപിൻെറ ഗാഥ എന്നീ നോവലുകളും യശ്പാ
ലിൻെറ തെരഞ്ഞെടുത്ത കഥകൾ, മൗനി എന്നീ കഥാസമാഹാരങ്ങളും
ആണ്ടിൽ ഒരു കള്ളം എന്ന ബാലസാഹിത്യകൃതിയും മലയാളത്തിൽ പരിഭാ
ഷപ്പെടുത്തി. ഭരതവാക്യം നാടകവും കുരുന്നുകളേ മാപ്പ് എന്ന ലേഖനസമാ
ഹാരവും ഹിന്ദിയിൽ പരിഭാഷപ്പെടുത്തി. കൂടാതെ ഇരുഭാഷ കളിലും അനേകം
ചെറുകഥകളും കവിതകളും തർജ്ജമ ചെയ്തു. ഏതാനും സ്വതന്ത്ര
ലേഖനങ്ങളും എഴുതിയിട്ടുണ്ട്. ദ്വിഭാഷാ ത്രിഭാഷാ നിഘണ്ടുക്കൾ തയ്യാറാക്കി.
ദേവകീകൃഷ്ണട്രസ്റ്റ്, കോളേജ് ഹിന്ദി റ്റീച്ചേഴ്സ് ഫോറം,കേരള സാഹിത്യ
അക്കാദമി, കേന്ദ്ര സാഹിത്യ അക്കാദമി,ദേശീയ മനുഷ്യാവകാശ കമ്മീഷൻ,
രാഷ്ട്രീയ ഹിന്ദി സാഹിത്യ സമ്മേളൻ എന്നിവയുടെ അവാർഡുകൾ നേടി.
ഭാര്യ- യമുന, മക്കൾ- വിദ്യാമുരളി, സുദീപ്

മേൽവിലാസം-

കൃഷ്ണഭവൻ
കളത്തിൽ
പെരുന്ന, ചങ്ങനാശേരി.

## 'സുവർണ്ണലത'യെപ്പറ്റി

കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലത്തെ ഭാരതീയസ്ത്രീകളുടെ ജീവിതപരിണാമങ്ങൾ ചിത്രീകരിച്ചുകൊണ്ടു പ്രശസ്ത ബംഗാളി നോവലിസ്റ്റായ ശ്രീമതി ആശാപൂർണ്ണാദേവി മൂന്നു നോവലുകൾ രചിച്ചു- പ്രഥമപ്രതിശ്രുതി, സുവർണ്ണലത, ബകുളിൻെറ കഥ. 'പ്രഥമപ്രതിശ്രുതി' ജ്ഞാനപീഠപുരസ്കാരം നേടിയ മഹത്തായ കൃതിയാണ്. ഈ നോവൽത്രയത്തിലെ നടുക്കുള്ള കണ്ണിയാണ് 'സുവർണ്ണലത'. 'പ്രഥമപ്രതിശ്രുതി'യിലെ സത്യവതിയുടെ ഏകപുത്രിയാണ് ഈ നോവലിലെ നായികയായ സുവർണ്ണലത.

'സുവർണ്ണലത'യുടെ ഇതിവൃത്തവുമായി ബന്ധപ്പെട്ട കാലഘട്ടം ഭാരതീയസ്ത്രീകളുടെ നവോത്ഥാനദശയാണ്. എങ്കിലും തടസ്സങ്ങൾ വേണ്ടുവോളമുണ്ടായിരുന്നു. അന്നത്തെ യാഥാസ്ഥിതികബന്ധനങ്ങളെയും പഴഞ്ചൻ ചിന്താഗതികളെയും ജീർണ്ണിച്ച വിശ്വാസങ്ങളെയും അർത്ഥശൂന്യമായ ആചാരങ്ങളെയുമെല്ലാം  എതിർക്കാൻ സുവർണ്ണലത തയ്യാറാകുന്നു. നൂറ്റാണ്ടുകളായി പുരുഷന്മാർ സ്ത്രീകളുടെമേൽ പുലർത്തിപ്പോന്ന ആധിപത്യവും അടിമകളോടെന്നവണ്ണം അവരോടുള്ള പെരുമാറ്റവും അസഹ്യമായിരുന്നു. പക്ഷേ, സ്ത്രീകൾതന്നെ സ്ത്രീകളോടു കാണിച്ച ദുരയും ദ്വേഷവും വേദനാജനകമായിരുന്നു. സമൂഹത്തിൽ തങ്ങൾക്കുള്ള സ്ഥാനത്തെപ്പറ്റി ഉൾക്കാഴ്ച ഇല്ലാതിരുന്ന അവരിൽ ഭൂരിഭാഗവും അജ്ഞതയിലും അന്ധവിശ്വാസത്തിലും ആത്മസംതൃപ്തിയുള്ളവരായിരുന്നു. സ്ത്രീവർഗ്ഗത്തിൻെറ മേൽ സമൂഹം അടിച്ചേല്പിച്ച അവഹേളനത്തിൻെറയും അപമാനത്തിൻെറയും വിഴുപ്പുഭാണ്ഡങ്ങൾ വലിച്ചെറിഞ്ഞ് സ്വതന്ത്രരാകുവാൻ സുവർണ്ണലത സ്ത്രീകളെ ആഹ്വാനം ചെയ്യുന്നു.

'സുവർണ്ണലത' ഒരു സ്ത്രീയുടെ മാത്രം കഥയല്ല. ഒരു കാലഘട്ടത്തിലെ അവിരുദ്ധമായ സ്ത്രീജീവിതത്തിൻെറ പ്രതീകമാണത്. ഗതിമുട്ടിയ ആ സ്ത്രീകൾക്കനുഭവിക്കേണ്ടിവന്ന കൊടിയ പീഡനങ്ങളും വിഫലവിപ്ലവത്തിൻെറ ഘാതപ്രതിഘാതങ്ങളുമെല്ലാം ഈ കഥയിൽ ഊടും പാവുമായി പ്രത്യക്ഷപ്പെടുന്നു. സമരങ്ങളും വിപ്ലവശ്രമങ്ങളും ഒരിക്കലും അവസാനിക്കുന്നില്ല. അവയുടെ നിഷ്ഫലതപോലും വരാനിരിക്കുന്ന 'നാളെ'യ്ക്ക് ശക്തിയും പ്രേരണയും നല്കുമെന്ന് 'സുവർണ്ണലത' തെളിയിക്കുന്നു.

ബംഗാളിലെ സാമൂഹിക പശ്ചാത്തലത്തിൽ രചിക്കപ്പെട്ടതാണെങ്കിൽപ്പോലും, ഈ കൃതിയിൽ ഭാരതത്തിലെമ്പാടുമുള്ള സാമൂഹികജീവിതം പ്രതിഫലിപ്പിക്കുന്നതിൽ ഗ്രന്ഥകർത്രി അസാമാന്യമായ വിജയം കൈവരിച്ചിരിക്കുന്നു. 'സുവർണ്ണലത' ഭാരതീയ സാമൂഹികജീവിതത്തിൻെറ ഒരു കാലഘട്ടത്തിൻെറ ഇതിഹാസമാണ്; പടയൊരുക്കങ്ങളും, പടയോട്ടവും, ജയപരാജയങ്ങളും, കണ്ണീരും പുഞ്ചിരിയുമെല്ലാം ഉൾക്കൊള്ളുന്ന ജീവിതത്തിൻെറ ഇതിഹാസം.

പി. മാധവൻപിള്ള





# ആശാപൂർണ്ണാദേവി

## സുവർണ്ണലത

വിവ: പി. മാധവൻപിള്ള

പ്രഥമ പ്രതിശ്രുതിയിലെ നായിക സത്യവതിയുടെ മകൾ സുവർണ്ണലതയുടെ കഥയായ ഈ നോവൽ, സ്ത്രീജന്മത്തിന്റെ മുഴുവൻ ഇതിഹാസമായി മാറുന്നു. ഭാരതീയ സ്ത്രീകളുടെ നവോത്ഥാനകാല പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ഈ നോവൽ സ്ത്രീയുടെ നിത്യമായ സഹനങ്ങൾക്കും അനിവാര്യമായ പ്രതിരോധങ്ങൾക്കും ഏതുവരെ പോകാം എന്ന് കൃത്യമായി കാണിച്ചുതരുന്നു. ഭാഷ മനുഷ്യന്റെ സൗഭാഗ്യമായിത്തീരുന്ന സന്ദർഭങ്ങളിലൊന്ന് ഇതുപോലെ ഒരു നോവലിന്റെ രചനയാണെന്ന് വായനക്കാർ തീർച്ചയായും സാക്ഷ്യപ്പെടുത്തും. അത്രമാത്രം ഹൃദയസ്പർശിയാണ് ജ്ഞാനപീഠപുരസ്കാരജേത്രിയായ ആശാപൂർണ്ണാദേവിയുടെ ഈ നോവൽ.

ISBN 978-81-226-0981-3

9 788122 609813 >

കറൻറ് ബുക്സ് തൃശൂർ

വിതരണം:
കോസ്മോബുക്സ്
തൃശൂർ ▪ കൊച്ചി ▪ കോഴിക്കോട്

വില ഇരുനൂറ്റിഎഴുപത് രൂപ